# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2999** 18.06.2018-ൽ മറുപടിയ്ക്ക്

## മാനാശ്ശേരി മത്സ്യഗ്രാമം

| ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കൊച്ചി നിയോജകമണ്ഡലത്തിലെ മാനാശ്ശേരിയിൽ സംയോജിത മത്സ്യ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചു; | എ) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2013-14)-ൽ ഉൾപ്പെടുത്തി മാനാശ്ശേരി മത്സ്യഗ്രാമത്തിൽ ആകെ 226.81 ലക്ഷം രൂപയുടെ വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നു. 105.43 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി, 20.00 ലക്ഷം രൂപയുടെ പബ്ലിക് ടോയ്‌ലറ്റ്, 49.90 ലക്ഷം രൂപയുടെ വൈദ്യുതീ കരണം, 51.00 ലക്ഷം രൂപയുടെ ലൈബ്രറി നിർമ്മാണം എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നു. ഇതിൽ കുടിവെള്ള പദ്ധതിയും, ലൈബ്രറി നിർമ്മാണവും പൂർത്തീകരിച്ചു. |
| ബി) മാനാശ്ശേരി മത്സ്യഗ്രാമത്തിൽ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ടോ; | ബി) മാനാശ്ശേരി മത്സ്യഗ്രാമത്തിൽ നടപ്പിലാക്കുന്ന വൈദ്യുതീകരണം പ്രവൃത്തിയിലെ ഒരു ഘടകമായ UG cable laying ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| സി) വൈദ്യുതീകരണത്തിന്റെ ഭാഗമായി തൂണുകൾ, ലൈനുകൾ എന്നിവ മാറ്റുന്നതിനും റോഡ് ക്ലിയർ ചെയ്യുന്ന തിനുമായി സമർപ്പിച്ച 9,95,465/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ; | സി) & ഡി) വൈദ്യുതീകരണത്തിന്റെ ഭാഗമായി തൂണുകൾ, ലൈനുകൾ എന്നിവ മാറ്റുന്നതിനും റോഡ് ക്ലിയർ ചെയ്യുന്നതിനുമായി സമർപ്പിച്ച 9,95,465/- രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ഡി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും; ജോലികൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ആഫീസർ